# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

13-03-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3043

# ഗതാഗതത്തിനായി ചെറുകിട തുറമുഖങ്ങളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ :<br>ശ്രീ. എ.പ്രദീപ്കുമാർ :<br>ശ്രീ. എ.എം.ആരിഫ് :<br>ശ്രീ. റ്റി.വി.രാജേഷ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ ചരക്ക ഗതാഗതത്തിനും യാത്രക്കാരുടെ സഞ്ചാരത്തിനും സജ്ജമാക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (എ) തുറമുഖങ്ങളിൽ ചരക്ക് ഗതാഗതം സുഗമമാക്കുന്നതിനായി കണ്ടെയ്നർ ഹാന്റിലിംഗ്, ക്രയിൻ, റീച്ച്സ്റ്റാക്കർ, വേബ്രിഡ്ജ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗ് വാങ്ങിയിട്ടുണ്ട്, ബേപ്പൂർ തുറമുഖത്ത് വി.ടി.എം.എസ് സ്ഥാപിച്ചു, കൊല്ലം തുറമുഖത്ത് വി.ടി.എം.എസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി 450 HP ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ ചരക്ക് ഗതാഗതത്തിനും യാത്രക്കാരുടെ സഞ്ചാരത്തിനും സജ്ജമാക്കുന്നതിനായി ചെറുകിട തുറമുഖങ്ങളിലേക്ക് റയിൽ / റോഡ് കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേക്ക് റയിൽ കണക്റ്റിവിറ്റി ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി IPRCL നോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ കൊല്ലം തുറമുഖം ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന 1.12 കിലോമീറ്റർ നീളമുള്ള കൊല്ലം - കൊച്ചുപിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി. ടി റോഡ് യാഥാർത്ഥ്യമായതോടെ തുറമുഖത്തു നിന്നും തുറമുഖത്തേക്കും, റോഡുമാർഗ്ഗവുമുള്ള ചരക്ക് നീക്കം സുഗമമായും വലിയ |

| | |
|---|---|
| | കണ്ടെയ്നറുകൾ ഉൾപ്പെടെയുള്ളവ വളരെ വേഗത്തിൽ തുറമുഖത്ത് എത്തിക്കുവാനും കൊണ്ടു പോകുവാനും സാധിക്കും. |
| ബി) വടക്കൻ കേരളത്തിൽ ചരക്കുഗതാഗതത്തിന്റെ കേന്ദ്രമായി മാറ്റാൻ ഉദ്ദേശിക്കുന്ന അഴീക്കൽ തുറമുഖ നിർമ്മാണത്തിന് കിഫ്ബി വഴി ഫണ്ട് ലഭ്യമായിട്ടുണ്ടോ ; നിർമ്മാണ പുരോഗതി അറിയിക്കാമോ; | (ബി) അഴീക്കൽ തുറമുഖ വികസനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു കഴിഞ്ഞു. 496 കോടി രൂപ മുതൽ മുടക്കിൽ കിഫ്ബി മുഖാന്തിരം അഴീക്കൽ തുറമുഖ വികസനം നടപ്പിലാക്കാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുമുണ്ട്.<br>നിലവിലെ അഴീക്കൽ തുറമുഖ വാർഫിനോടനുബന്ധിച്ചുള്ള ചാനലിന്റേയും ബേസിന്റേയും ആഴം 6 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ ഉണ്ടാക്കുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവർത്തിക്ക് കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയുടെ ഭാഗമായി കോസ്റ്റൽ ബർത്ത് സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിലേക്കായി സബ് സോയിൽ സ്റ്റഡി നടത്തി വിശദമായ എസ്റ്റിമേറ്റും ഡി.പി.ആർ-ഉം കിറ്റ്കോ മുഖാന്തിരം തയ്യാറാക്കുന്നതാണ്. തുറമുഖത്തിന്റെ പരിസ്ഥിതി പഠനത്തിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും വേണ്ടിയുള്ള ടെക്നിക്കൽ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തെരഞ്ഞെടുത്ത കൺസൾട്ടന്റുമായി കരാർ ഒപ്പിടുന്നതാണ്. |
| (സി) സഞ്ചാരത്തിനായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന പൊന്നാനി, ആലപ്പുഴ, തലശ്ശേരി, കാസർഗോഡ്, വലിയതുറ തുറമുഖങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (സി) പൊന്നാനി തുറമുഖം പി.പി.പി മോഡലിലാണ് വികസിപ്പിക്കുന്നത്. ഇതിനായി മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ തുറമുഖ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് തുറമുഖങ്ങൾ തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ഘട്ടം ഘട്ടമായി വികസിപ്പിക്കുന്നതാണ് . |

**സെക്ഷൻ ഓഫീസർ**